**പതിമൂന്നാം കേരള നിയമസഭ**
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1814**

**22.03.2012 - ൽ മറുപടിയ്ക്ക്**

**ആശ്രിതനിയമനം**

| ചോദ്യം<br>ശ്രീ.എസ്. ശർമ്മ | | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) അങ്കമാലി പോലീസ് സ്റ്റേഷനിൽ സേവനമനുഷ്ഠിച്ചുവരവെ 2010 ജനുവരി 2-ാം തീയതി നിര്യാതനായ ഹെഡ്കോൺസ്റ്റബിൾ എൻ. വിദ്യാധരന്റെ മകൾ ശ്രീമതി അഞ്ചു വിദ്യാധരൻ 2011 ജനുവരിയിൽ ആലുവ പോലീസ് സൂപ്രണ്ടിന് സമർപ്പിച്ച ആശ്രിതനിയമനത്തിനുള്ള അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളത് ; | (എ) | ശ്രീമതി അഞ്ചു വിദ്യാധരന്റെ ആശ്രിതനിയമനത്തിനായുള്ള അപേക്ഷ സർക്കാരിൽ പരിശോധിച്ചുവരുന്നു.. |
| (ബി) പ്രസ്തുത അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ആലുവ എസ്.പി.ഓഫീസിൽ നിന്നും ഏതെല്ലാം ഓഫീസുകളിലേക്ക് ഏതെല്ലാം തീയതികളിൽ അപേക്ഷ അയച്ചിട്ടുണ്ടെന്നും, ഫയൽ നമ്പറും വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത അപേക്ഷ ആലുവ എസ്.പി. ഓഫീസിൽ നിന്നും 05.01.2012 ൽ എ2/16295/2011 ER നമ്പരായി സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചു. സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും 19.03.2012 ൽ സർക്കാരിൽ ലഭിച്ചു. ഈ വിഷയം സംബന്ധിച്ച സർക്കാർ ഫയൽ നമ്പർ 22614/കെ3/2012/ആഭ്യന്തരം ആണ്. |

| | |
|---|---|
| (സി) അപേക്ഷയിൽ ശ്രീമതി അഞ്ചു വിദ്യാധരന് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ ; ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനമെന്തെന്നറിയിക്കുമോ ;<br><br>(ഡി) ശ്രീമതി അഞ്ചു വിദ്യാധരൻ അപേക്ഷ സമർപ്പിച്ച വേളയിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഉദ്യോഗത്തിനുള്ള വിദ്യാഭ്യാസയോഗ്യതയിൽ ഡി.സി.എ.ആവശ്യമില്ലായിരുന്നുവെന്നും തുടർന്ന് 2011 ജൂലായിൽ ഡി.സി.എ.വിദ്യാഭ്യാസയോഗ്യതയായി പുനഃ നിർണ്ണയിച്ചിട്ടുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ഇ) ഇക്കാരണത്താൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് ശ്രീമതി അഞ്ചു വിദ്യാധരനെ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ ; | (സി), (ഡി), & (ഇ), സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, ലോവർ ഡിവിഷൻ ക്ലർക്ക് എന്നീ തസ്തികകൾ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലെ ആശ്രിതനിയമനത്തിനുള്ള വ്യവസ്ഥകളനുസരിച്ച് അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതും യഥാസമയം അപേക്ഷകയെ അറിയിക്കുന്നതുമാണ്. |
| (എഫ്) ആശ്രിത നിയമനവ്യവസ്ഥ പ്രകാരം ഉദ്യോഗത്തിന് അപേക്ഷ നൽകുന്ന വേളയിൽ പ്രസ്തുത ഉദ്യോഗത്തിന് വേണ്ടതായ വിദ്യാഭ്യാസ യോഗ്യത കാലക്രമേണ പുനഃനിർണ്ണയിക്കുന്ന അവസരങ്ങളിൽ, ഉദ്യോഗാർത്ഥിക്ക് ഉദ്യോഗം ലഭിച്ച ശേഷം നിശ്ചിത കാലയളവിനുള്ളിൽ പ്രസ്തുത അധികയോഗ്യത നേടിയാൽ മതിയാകുമെന്ന് നിഷ്കർഷിക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എഫ്) 01.07.2011 ലെ സ.ഉ. (എംഎസ്) നം. 21/11/P&ARD പ്രകാരം 8 തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 26.08.2011 ലെ സ.ഉ. (എംഎസ്) നം. 29/11/P&ARD പ്രകാരം, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വളരെ മുമ്പ് തന്നെ അപേക്ഷ സമർപ്പിക്കുകയും 01.07.2011 നു മുമ്പായി നിയമനം നൽകാൻ സർക്കാർ തീരുമാനം എടുത്തിട്ടുള്ളതും എന്നാൽ വേക്കൻസി ലഭ്യമല്ലാതിരുന്നതിനാൽ നിയമന ഉത്തരവ് നൽകാത്തതുമായ കേസുകളിൽ 01.07.2011 ലെ ഉത്തരവു പ്രകാരമുള്ള പുതുക്കിയ യോഗ്യതാ മാനദണ്ഡം ബാധകമല്ല. എന്നാൽ 01.07.2011 നു ശേഷം ഇപ്രകാരം ജോലിയിൽ |

പ്രവേശിക്കുന്നവർക്ക്, പുതുക്കിയ യോഗ്യത ഇല്ലാത്തപക്ഷം ആയത് 3 വർഷത്തിനുള്ളിൽ ആർജ്ജിക്കേണ്ടതാണ്. തുടർന്ന് 06.02.2012 ലെ 7/12/P&ARD ഉത്തരവ് പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി 01.07.2011 ന് മുമ്പ്തന്നെ നിയമ പ്രകാരമുള്ള എല്ലാ രേഖകളും സഹിതം സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ കേസുകളിലും, അവർക്ക് നിയമന ഉത്തരവ് നൽകുന്നതിനായി 01.07.2011 ലെ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ യോഗ്യത ബാധകമാക്കേണ്ടതില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം I, II, III ആയി ചേർത്തിട്ടുണ്ട്

(ജി) മേൽ സൂചിപ്പിച്ച വിഷയങ്ങൾ പരിശോധിച്ച് ശ്രീമതി അഞ്ചു വിദ്യാധരന് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

(ജി) ശ്രീമതി അഞ്ചു വിദ്യാധരന്റെ അപേക്ഷ നിലവിലെ വ്യവസ്ഥകളനുസരിച്ച് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

([illegible])

സെക്ഷൻ ഓഫീസർ

—